**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5408** **21-03-2025 - ൽ മറുപടിയ്ക്ക്**

**ഗോ സമൃദ്ധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗോ സമൃദ്ധി പദ്ധതി എന്താണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഇൻഷ്വറൻസ് നടത്തിപ്പിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; പദ്ധതിക്ക് വേണ്ടി വരുന്ന ഇൻഷ്വറൻസ് പ്രീമിയം ഓരോ കന്നുകാലികൾക്കും എത്ര വീതമാണെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയാണ് 'ഗോസമൃദ്ധി -എൻ.എൽ.എം' ഇൻഷ്വറൻസ് പദ്ധതി. മൃഗസംരക്ഷണ വകുപ്പ് 2016-17 മുതലാണ് സംസ്ഥാനത്ത് കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നത്. 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് 60% കേന്ദ്ര സർക്കാർ ധനസഹായവും 40% സംസ്ഥാന ധനസഹായത്തോടെയും സർക്കാർ എൻ.എൽ.എം. കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയും, 2017-18 സാമ്പത്തിക വർഷം മുതൽ 100% സംസ്ഥാന സർക്കാർ ധനസഹായത്തോടെ ഗോസമൃദ്ധി സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിവരുന്നു.<br><br>ടി പദ്ധതിയിൽ രണ്ടു വയസ്സ് മുതൽ പത്ത് വയസ്സ് വരെ പ്രായമുള്ള കറവയുള്ള പശുക്കൾ/എരുമകൾ, ഏഴു മാസത്തിനു മുകളിൽ ഗർഭമുള്ള കിടാരികൾ/ എരുമ കിടാരികൾ എന്നിവയെ ഒരു വർഷ/മൂന്നു വർഷ പദ്ധതികളിൽ ഇൻഷ്വർ ചെയ്യാവുന്നതാണ്.<br><br>പദ്ധതി പ്രകാരം ഒരു വർഷ പദ്ധതിയിലും മൂന്നു വർഷ പദ്ധതിയിലും ഉരുക്കളെ ഇൻഷ്വർ ചെയ്യാവുന്നതാണ്. നിലവിൽ ₹65,000 രൂപ വരെ മതിപ്പ വില വരുന്ന ഉരുക്കൾക്ക് ജനറൽ വിഭാഗത്തിൽ പ്രീമിയം തുകയുടെ 50% വും, എസ്.സി/എസ്.ടി. വിഭാഗത്തിൽ പ്രീമിയം തുകയുടെ 70% വും സർക്കാർ സബ്സിഡിയായി നൽകുന്നു.<br><br>നടപ്പ് സാമ്പത്തിക വർഷം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുമായി ചേർന്നാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് കോ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് |

| | | | |
|---|---|---|---|
| | | | കമ്പനിയുമായി ചേർന്നാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്.<br><br>₹65,000 രൂപ വരെ മതിപ്പ വില വരുന്ന ഉരുക്കളെ ഇൻഷ്വർ ചെയ്യാവുന്നതാണ്. ഒരു വർഷ ഇൻഷ്വറൻസിന് കന്നുകാലികളുടെ വിലയുടെ 4.48%, മൂന്ന് വർഷത്തേക്കു 10.98% എന്ന രീതിയിലാണ് പ്രീമിയം നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.<br><br>ടി പദ്ധതിയിൽ കന്നുകാലികളുടെ ഉടമകൾക്ക് 5 ലക്ഷം രൂപയുള്ള personal accident പരിരക്ഷ (പരമാവധി 5 ലക്ഷം രൂപ മാത്രം) ഉണ്ട്.<br><br>ഒരു ലക്ഷം രൂപയ്ക്കു 20 രൂപ എന്ന നിരക്കിലാണ് കർഷകർക്കുള്ള അപകട ഇൻഷ്വറൻസിന് പ്രീമിയം വരുന്നത്.<br><br>കൂടാതെ എല്ലാ വിഭാഗങ്ങൾക്കും ( ജനറൽ & SC/ST) കർഷക വിഹിതത്തിൽ ഒരു വർഷ പദ്ധതിയിൽ 100 രൂപയും, മൂന്നു വർഷ പദ്ധതിയിൽ 250 രൂപയും കേരള ഫീഡ്സ് വഹിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ